**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1635** **31-08-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കൃഷി വകുപ്പ് നടത്തി വരുന്ന പദ്ധതികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കുമോ? | (എ) | പാലക്കാട് ജില്ലയിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ് - 25 ൽ ഉൾപ്പെടുത്തി പുതുപ്പരിയാരം, മുണ്ടൂർ പഞ്ചായത്തുകളിലായി കല്ലംപറമ്പ് നീർത്തട പദ്ധതി നടപ്പിലാക്കി വരുന്നു. 2020 മുതൽ നടപ്പിലാക്കി വരുന്ന 96,68,000/- രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ നാളിതുവരെ 30,41,756/- രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>ആർ.ഐ.ഡി.എഫ് XXVII സ്കീമിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് "Infrastructural Development of Department Agriculture Farms in Kerala" എന്ന പദ്ധതിയിൽ, കെ.എൽ.ഡി.സി. മുഖേന "Horticulture Development Farm Malampuzha" എന്ന ഫാമിലെ പദ്ധതികൾ നടപ്പിലാക്കുവാൻ 946.41 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതിക അനുമതിക്കുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.<br><br>മലമ്പുഴ മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് XXV സ്കീമിൽ ഉൾപ്പെടുത്തി (ഭരണാനുമതി തുക - 1717.00 ലക്ഷം രൂപ) കൃഷി വകുപ്പ് എൻജിനീയറിങ് വിഭാഗം നടത്തിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | | പ്രവർത്തിയുടെ പേര് | തുക (ലക്ഷത്തിൽ ) | റിമാർക്സ് |
|---|---|---|---|---|
| 1 | | മലമ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ കൃഷിഭവനുകൾക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ | | |
| | എ | മുണ്ടൂർ, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ | 187.27 | പ്രവർത്തി പൂർത്തീകരിച്ചു |
| | ബി | അകത്തേത്തറ കൃഷി ഭവനു കീഴിൽ വരുന്ന ഉമ്മിനി - പൈറ്റാംകുന്നം പ്രദേശത്തെ കനാലിന്റെ സംരക്ഷണഭിത്തി നിർമ്മാണം | 249.49 | കരാർ ഉടമ്പടി വച്ചിട്ടുണ്ട് |
| | സി | അകത്തേത്തറ കൃഷി ഭവനു കീഴിൽ വരുന്ന മേലെ ധോണി -അരുമണിത്തോട് പ്രദേശത്തെ കനാലിന് സംരക്ഷണഭിത്തി നിർമ്മാണം | 220.00 | 50 % പ്രവർത്തി പൂർത്തീകരിച്ചു |
| | ഡി | അകത്തേത്തറ കൃഷി ഭവനു കീഴിൽ വരുന്ന കല്ലേകളങ്ങര-അമ്പാട്ടുതോടിന് സംരക്ഷണഭിത്തി നിർമ്മാണം | 183.20 | കരാർ ഉടമ്പടി വച്ചിട്ടുണ്ട് |
| | ഇ | അകത്തേത്തറ കൃഷി ഭവനു കീഴിൽ വരുന്ന പൈറ്റാംകുന്നം -ചീക്കുഴി തോട് മുതൽ മലമ്പുഴ കനാൽ വരെയുള്ള ഭാഗത്തെ സംരക്ഷണഭിത്തി നിർമ്മാണം | 170.50 | കരാർ ഉടമ്പടി വച്ചിട്ടുണ്ട് |
| | എഫ് | പുതുശ്ശേരി- കൊട്ടുമ്പ് കൃഷി ഭവനു കീഴിൽ വരുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ | 136.40 | 70 % പ്രവർത്തി പൂർത്തീകരിച്ചു |
| | ജി | മലമ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ കൊട്ടുമ്പ് കൃഷി ഭവനുകീഴിൽ വരുന്ന അംബ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ | 9.83 | കരാർ ഉടമ്പടി വച്ചിട്ടുണ്ട് |
| | എച്ച് | മലമ്പുഴ കൃഷി ഭവനു കീഴിൽ വരുന്ന കന്നിമാർമുട്ട് വലതുഭാഗത്തെ ഒഴലംപ്പള്ളം തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം | 169.40 | പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 85% പാർശ്വഭിത്തി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | ഐ | മലമ്പുഴ കൃഷി ഭവനു കീഴിൽ വരുന്ന കന്നിമാർമുട്ട് ഇടതുഭാഗത്തെ ചേമ്പന പള്ളം തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം | 330.00 | പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1300 മീറ്റർ പാർശ്വഭിത്തി പൂർത്തീകരിച്ചു |
| | ജെ | മലമ്പുഴ കൃഷി ഭവനു കീഴിൽ വരുന്ന ചേമ്പന തോടിന്റെ പുനരുജ്ജീവന പ്രവർത്തികൾ | 60.40 | പ്രവർത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ